# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4841 24.07.2015 --ൽ മറുപടിക്ക്

## കാൻസർ രോഗ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | കാൻസർ രോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് റീജ്യണൽ കാൻസർ സെന്ററുകളെ ശക്തിപ്പെടുത്തുകയും പുതിയ കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>കാൻസർ ചികിത്സാ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ ക്യാൻസർ കെയർ സെന്റർ അനുവദിച്ചു. ഈ സെന്ററിലൂടെ രോഗ നിർണ്ണയവും, കീമോതെറാപ്പിയും നൽകി വരുന്നു. കാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ ജില്ലകളിലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ആശാ പ്രവർത്തകർ, കുടുംബശ്രീ വോളന്റിയർമാർ എന്നിവരെ സഹകരിപ്പിച്ചുകൊണ്ട് പ്രത്യേക കാൻസർ സ്ക്രീനിംഗ് പരിപാടികൾക്ക് ആരോഗ്യവകുപ്പ് പദ്ധതി ഒരുക്കിയിട്ടുണ്ട്.<br>കാൻസർ ബോധവൽക്കരണ പ്രവർത്തനവും, സ്കൂൾ കോളേജ് തലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നു.<br>കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചു.<br>സംസ്ഥാനത്ത് കാൻസർ രോഗനിയന്ത്രണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാനത്തൊട്ടാകെ കാൻസർ ബോധനക്ലാസ്സുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളുടെ |

| | | | |
|---|---|---|---|
| | | | ആഭിമുഖ്യത്തിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>കുടുംബശ്രീയും ആർ.സി.സി.യും സംയുക്തമായി നടപ്പാക്കുന്ന "സ്വാസ്ഥ്യം" പദ്ധതി പ്രകാരം കേരളത്തിലുടനീളം കാൻസർ ബോധവൽക്കരണം, മുൻകൂർ രോഗനിർണ്ണയ പരിശോധനകൾ എന്നിവ നടപ്പിലാക്കാൻ കഴിയും. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ലോക അർബുദ ദിനത്തിൽ (2015 ഫെബ്രുവരി 4) നടക്കുകയുണ്ടായി. ജില്ലാതലത്തിലുള്ള പദ്ധതിയ്ക്ക് പത്തനംതിട്ട ജില്ലയിൽ ജൂൺ മാസത്തിൽ തുടക്കമിട്ടു. കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്തി കാൻസർ ബോധന സന്ദേശം വീടുവീടാന്തരം എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br>മലബാർ കാൻസർ സെന്ററിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.<br><br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.<br>• ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോബയോളജി വിഭാഗം.<br>• 4D സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.എ. സ്കാനർ, സി.ടി.സ്കാൻ, 500 എം.എ. എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സറേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br>• ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.<br>• ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാന മുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം.<br>• എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.<br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബ്ലഡ് ബാങ്ക്.<br>• ആധുനിക സജ്ജീകരണങ്ങളോടു കൂടിയ |

| | | | |
|---|---|---|---|
| | | | ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്<br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.<br>• ക്യാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.<br>• മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.<br>• 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്.<br>കൂടാതെ മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവൽക്കരണത്തിനും, കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യതുടർവിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. |
| (ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ കൂട്ടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ കൂട്ടുതൽ മെച്ചപ്പെടുത്താനായി സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ത്രിതല കെയർ സെന്ററിന്റെ (മിനി ആർ.സി.സി.) പ്രവർത്തനത്തിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ